റവന്യൂ വകുപ്പിൽ പദ്ധതി നടപ്പിലാക്കുന്നതിലേക്ക് 600 ലക്ഷം രൂപ ഉപധനാഭ്യർത്ഥനയിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലേക്കായി നടപ്പ് സാമ്പത്തിക വർഷം 600 ലക്ഷം രൂപ പിൻവലിച്ചു. ലഭ്യമായ കണക്കുകൾ പ്രകാരം 462.84 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാർ പിന്തുടരുന്ന ഓഫീസ് മാന്വൽ അനുസരിച്ച് എൻ.ഐ.സി. വികസിപ്പിച്ചെടുത്ത സോഫ്റ്റ്വെയർ ആയ ഇ-ഓഫീസ് സംസ്ഥാനത്ത് നടപ്പിലാക്കിയപ്പോൾ ചില പ്രയാസങ്ങൾ തുടക്കത്തിൽ അനുഭവപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാന്വൽ സമ്പ്രദായത്തിൽ നിന്നും ഇലക്ട്രോണിക്സ് സമ്പ്രദായത്തിലേക്ക് മാറുമ്പോഴുണ്ടാകുന്ന സ്വാഭാവിക ബുദ്ധിമുട്ടുകളാണ് ഇതിൽ കൂടുതലും. ഡാറ്റാ ഡിജിറ്റൈസേഷൻ, ഫയൽ മൈഗ്രേഷൻ, ജീവനക്കാർക്ക് ഇ-മെയിൽ, ഇ-ഓഫീസ് അക്കൗണ്ട്, ഡിജിറ്റൽ സിഗ്നേച്ചർ എന്നിവ അനുവദിച്ചു നൽകുക, കമ്പ്യൂട്ടറുകൾ, ഹൈസ്പീഡ് സ്കാനറുകൾ, ഇന്റർനെറ്റ് കണക്ടിവിറ്റി എന്നിവ ലഭ്യമാക്കുക, ജീവനക്കാർക്ക് ഇ-ഓഫീസിൽ പരിശീലനം നൽകുക. തുടങ്ങിയ അടിസ്ഥാന ജോലികൾ പൂർത്തീകരിച്ചാൽ മാത്രമേ ഇ-ഓഫീസ് പൂർണ്ണമായും നടപ്പിലാക്കാൻ കഴിയുകയുള്ളൂ.

ഐ.ടി. വ്യവസായ രംഗത്തെ കയറ്റുമതി

226 (611) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ ഐ. ടി. വ്യവസായരംഗത്തെ കയറ്റുമതിയിൽ കേരളത്തിന്റെ വിഹിതം എത്ര ശതമാനമാണ്;

(ബി) ടെക്നോപാർക്ക് പോലുള്ള സംരംഭങ്ങളുള്ളപ്പോഴും ഈ രംഗത്തെ കയറ്റുമതിയിൽ സംസ്ഥാനം പിന്നോക്കം നിൽക്കുന്നതിന്റെ കാരണമെന്ത്;

(സി) അടിക്കടിയുണ്ടാകുന്ന സമരങ്ങൾ, ഹർത്താലുകൾ എന്നിവ ഈ വ്യവസായ രംഗത്തെ നിക്ഷേപകരെ കേരളത്തിൽ നിന്ന് പിൻതിരിപ്പിക്കുന്നുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വിവരസാങ്കേതിക വിദ്യാ പരിജ്ഞാനം നേടുന്നവരുടെ എണ്ണം സംസ്ഥാനത്ത് വർദ്ധിക്കുമ്പോഴും ഇതൊരു വ്യവസായമെന്ന നിലയിൽ കാര്യമായ പുരോഗതി രേഖപ്പെടുത്താത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2014-15 കാലയളവിൽ ഇന്ത്യയിൽ നിന്നും ഏകദേശം 5014 ബില്യൺ രൂപയുടെ ഐ.ടി. കയറ്റുമതിയിൽ ഏകദേശം 1100 കോടി രൂപയുടെ കയറ്റുമതി

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ നിന്നുമാണ് എന്ന് കണക്കാക്കുന്നു. ഇതുപ്രകാരം രാജ്യത്തെ ഐ.ടി. കയറ്റുമതിയിൽ ഏകദേശം 2% കേരളത്തിന്റെ വിഹിതമായി കണക്കാക്കാം.

(ബി) ഐ.ടി. കയറ്റുമതിയിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന്റെ പിന്നോക്കാവസ്ഥയുള്ള കാരണങ്ങൾ ചുവടെ ചേർക്കുന്നു:

1. മറ്റു സംസ്ഥാനങ്ങൾക്കുള്ള ഭൂമിശാസ്ത്രപരമായ സവിശേഷതകളും പ്രയോജനങ്ങളും കേന്ദ്രത്തിൽ നിന്നും വിദൂരമായി സ്ഥിതി ചെയ്യുന്ന കേരള സംസ്ഥാനത്തിന് ലഭിക്കുന്നില്ല.
2. Tier-I സിറ്റികളിലുള്ള അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ വൻകിട കമ്പനികളുടെ സംസ്ഥാനത്തെ അസാന്നിധ്യം.
3. പൊതുസ്വകാര്യമേഖലകളിൽ മറ്റു സംസ്ഥാനങ്ങൾ സജ്ജമാക്കിയിരിക്കുന്ന മികച്ച അടിസ്ഥാന സൗകര്യങ്ങൾ.
4. രാജ്യത്തെ പ്രധാനപ്പെട്ട നഗരങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള റോഡ്-വ്യോമ-റെയിൽ യാത്രാ സംവിധാനങ്ങൾ ഉൾപ്പെടെയുള്ള മികച്ച പൊതുഗതാഗത സംവിധാനത്തിന്റെ അപര്യാപ്തത.

(സി) അടിക്കടിയുണ്ടാകുന്ന സമരങ്ങൾ, ഹർത്താലുകൾ എന്നിവ ഐ.ടി. വ്യവസായ മേഖലയിലെ കമ്പനികളുടെ പ്രവർത്തനത്തെ നേരിട്ട് ബാധിക്കുന്നില്ലെങ്കിലും ഇത് കേരളത്തിലുള്ള ഐ.ടി. നിക്ഷേപങ്ങളെ പരിമിതപ്പെടുത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ ഐ.ടി. വ്യവസായം വളർച്ചയുടെ പാതയിലാണ്. സംസ്ഥാനത്തു നിന്നുള്ള സോഫ്റ്റ്വെയർ കയറ്റുമതിയിൽ ഓരോ വർഷവും ക്രമാനുഗതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2004-ൽ 400 കോടി രൂപ മാത്രമായിരുന്ന ടെക്നോപാർക്കിലെ സോഫ്റ്റ് വെയർ കയറ്റുമതി 2011-12 കാലയളവിൽ 2170.63 കോടി രൂപയായും 2012-13 കാലയളവിൽ 3493 കോടി രൂപയായും 2013-14 കാലയളവിൽ 4220 കോടി രൂപയായും 2014-15-ൽ അത് 5100 കോടി രൂപയായും വർദ്ധിച്ചിട്ടുണ്ട്. ഇതേ സമയം ഇൻഫോപാർക്കിൽ കഴിഞ്ഞ 10 വർഷമായി സോഫ്റ്റ്വെയർ കയറ്റുമതിയിൽ ശരാശരി 30% മുതൽ 40% വരെ year-on-year വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്. 2014-15-ൽ 3150 കോടി രൂപയായിരുന്ന ഇൻഫോപാർക്കിലെ കമ്പനികളിൽ നിന്നുള്ള കയറ്റുമതി വരുമാനമാണ് സൈബർ പാർക്കിലെ സോഫ്റ്റ്വെയർ കയറ്റുമതി 2014-15 സാമ്പത്തിക വർഷത്തിൽ 28 ലക്ഷം രൂപയായിരുന്നത് 2015-16 സാമ്പത്തിക വർഷം ഡിസംബർ വരെ 1.75 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ കമ്പനികൾ, നിക്ഷേപം, സോഫ്റ്റ്വെയർ കയറ്റുമതി, തൊഴിലവസരങ്ങൾ തുടങ്ങിയ എല്ലാ മേഖലകളിലും ഓരോ വർഷവും ഗണ്യമായ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly